കംപ്യൂട്ടർ പഠന പദ്ധതിയിലെ അപാകതകൾ

137 [1824] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് കംപ്യൂട്ടർ സാക്ഷരത നൽകുന്നതിനായി എന്തെങ്കിലും പദ്ധതി കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിയിലൂടെ എത്രപേർക്ക് ഓരോ ജില്ലയിലും പരിശീലനം നൽകിയെന്നും ഇതിനായി എത്ര തുകവീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് പരിശീലനം നൽകുവാൻ ലക്ഷ്യമിട്ടിരുന്നുവെന്നും എത്ര പേർക്ക് യഥാർത്ഥത്തിൽ പരിശീലനം നൽകി എന്നും വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിലെ അപാകതകളെപ്പറ്റി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണ് എന്നും അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(എഫ്) എസ്.സി./എസ്.ടി. ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുന്ന തുക പൂർണ്ണമായും യഥാർത്ഥ ഉപയോക്താക്കൾക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) പട്ടികവർഗ്ഗ വികസന വകുപ്പിൽ 2002-03 വർഷം മുതലാണ് സർക്കാർ ഉത്തരവ് പ്രകാരം കംപ്യൂട്ടർ പരിശീലന പരിപാടി ആരംഭിച്ചത്. 2002-03-ൽ തിരുവനന്തപുരം ജില്ലയിൽ 20 പേർക്കും, വയനാട് ജില്ലയിൽ 84 പേർക്കും പരിശീലനം നൽകി. ഈ ഇനത്തിൽ തിരുവനന്തപുരം ജില്ലയിൽ 2.48 ലക്ഷം രൂപയും വയനാട് ജില്ലയിൽ 3.78 ലക്ഷം രൂപയും ചെലവഴിച്ചു. പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പിൽ ഈ പദ്ധതി പ്രകാരം 2002-03-ൽ തിരുവനന്തപുരം ജില്ലയിൽ 20 പേർക്ക് പരിശീലനം നൽകുവാൻ ലക്ഷ്യമിട്ടിരുന്നു. ഇരുപതുപേരും പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. വയനാട് ജില്ലയിൽ 90 പേർക്ക് പരിശീലനം നൽകുവാൻ ലക്ഷ്യമിടുകയും 84 പേർ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

പട്ടികജാതി വികസന വകുപ്പിൽ 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ എസ്.സി.എ.ടു. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച്, പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിൽ അപാകതകൾ കണ്ടെത്തിയതിനെതുടർന്ന് ഇപ്പോൾ ഈ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിയ കംപ്യൂട്ടർ പരിശീലന പദ്ധതിയിൽ 2001-02, 2002-03 വർഷങ്ങളിൽ പരിശീലനം നൽകുന്നതിന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളും കുട്ടികളുടെ എണ്ണവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം †അനുബന്ധം I, II-ൽ ചേർത്തിട്ടുണ്ട്. മേൽപ്പറഞ്ഞ കണക്കുകളുടെ കൃത്യത ഇക്കാര്യത്തിൽ നടത്തുവാനുദ്ദേശിക്കുന്ന വിജിലൻസ് അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.

(ഇ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കംപ്യൂട്ടർ പരിശീലന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് അപാകതകൾ ഉണ്ടായതായി പരാതി ലഭിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ കംപ്യൂട്ടർ പരിശീലന പദ്ധതിക്കായി സ്ഥാപനങ്ങളെ തിരഞ്ഞെടുത്തത് സംബന്ധിച്ചും, കോഴ്സ് ഫീസ് സംബന്ധിച്ചും പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഈ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അംഗീകാരത്തെക്കുറിച്ചും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥി ക്ഷേമസമിതി, പാലക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ പ്രൊട്ടക്ഷൻ കൗൺസിൽ, പട്ടം എന്നീ സംഘടനകളിൽ നിന്നാണ് മുഖ്യമായും പരാതികൾ ലഭിച്ചത്.

പരാതികളിൽ വകുപ്പു സെക്രട്ടറി തലത്തിൽ അന്വേഷണം നടത്തിയിരുന്നു. ഈ അന്വേഷണത്തെത്തുടർന്ന് കൂടുതൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് തോന്നിയതിനാൽ വിജിലൻസ് അന്വേഷണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ധനകാര്യം (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പും ഈ വിഷയത്തിൽ അന്വേഷണം നടത്തി വരുന്നുണ്ട്.

(എഫ് ആന്റ് ജി) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള തുക മുഴുവനും അവർക്കുതന്നെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ ചെലവഴിക്കാനാണ് ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടനെ പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. വകുപ്പു ജീവനക്കാർക്കെതിരെയുള്ള പരാതികളാണ് എങ്കിൽ ഉടൻതന്നെ അന്വേഷണം നടത്തി ശരിയെന്നുകാണുന്ന കേസുകളിൽ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly